(ബി) എങ്കിൽ അഞ്ചൽ പഞ്ചായത്തിലെ വില്ലേജ് ഓഫീസ് രണ്ട് വില്ലേജ് ഓഫീസുകളായി വിഭജിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ജനസംഖ്യ, ഭൂവിസ്തൃതി, നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത അനുബന്ധ പ്രശ്നങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ അഞ്ചൽ ഉൾപ്പെടെയുള്ള വില്ലേജുകളുടെ വിഭജന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

താലൂക്ക് വിഭജനം

133(823) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്കുകൾ വിഭജിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും കമ്മീഷനെ നിയമിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ടിൽ ഏതെല്ലാം താലൂക്കുകൾ വിഭജിക്കണമെന്ന നിർദ്ദേശമാണ് നൽകിയിരിക്കുന്നത് ;

(സി) 15 ലക്ഷത്തിലധികം ജനസംഖ്യയുള്ള എത്ര താലൂക്കുകളാണുള്ളത് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അമ്പതിലധികം വില്ലേജുകളുള്ള എത്ര താലൂക്കുകളാണ് നിലവിലുള്ളത് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) കോഴിക്കോട് താലൂക്ക് വിഭജിച്ച് കൊടുവള്ളി ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(എഫ്) ഈ സാമ്പത്തിക വർഷത്തിൽ തന്നെ കൊടുവള്ളി ആസ്ഥാനമായി താലൂക്ക് രൂപീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്മേൽ ഉണ്ടായ നടപടിക്രമങ്ങൾ ഏതുവരെയെത്തി എന്നു വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. താലൂക്ക്-വില്ലേജ് പുനഃസംഘടന സംബന്ധിച്ച് നിയമിച്ച ബാബുപോൾ കമ്മീഷൻ, എം.ജി.കെ. മൂർത്തി കമ്മീഷൻ, എസ്. സുന്ദരേശൻ കമ്മീഷൻ, കെ. ജെ. അൽഫോൺസ് കമ്മീഷൻ എന്നീ കമ്മീഷനുകൾക്ക് യഥാസമയം റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഒന്ന് കോഴിക്കോട് താലൂക്ക് (16,62,841)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 4 താലൂക്കുകൾ

1. മുകുന്ദപുരം - (59 വില്ലേജ്)
2. തൃശ്ശൂർ - (74 വില്ലേജ്)
3. തലപ്പിള്ളി - (74 വില്ലേജ്)
4. കോഴിക്കോട് - (54 വില്ലേജ്)

(ഇ) ഇല്ല. എന്നാൽ ഇത് സംബന്ധിച്ച് കൊടുവള്ളി എം.എൽ.എ.-യിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(എഫ്) ജനസംഖ്യ ഭൂവിസ്തൃതി നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത അനുബന്ധ പ്രശ്നങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ പുതിയ താലൂക്കുകളുടെ രൂപീകരണ കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

താൽക്കാലിക നിയമന കാലാവധി സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുവാൻ നടപടി

134(824) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. മുഖേന സ്ഥിരനിയമനം ലഭിച്ച ജീവനക്കാരുടെ താൽക്കാലിക നിയമന കാലയളവ് കൂടി ചേർത്ത് ഇൻക്രിമെന്റ്, ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ എന്നിവ ലഭിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ;

(സി) 6-11-2006-ലെ സർക്കാർ ഉത്തരവ് പ്രിന്റിംഗ് നമ്പർ 452/06/ഫിൻ. 11-10-2007-ലെ സർക്കാർ ഉത്തരവ് പ്രിന്റിംഗ് നമ്പർ 496/07/ഫിൻ. എന്നീ ഉത്തരവുകൾ പ്രകാരം സ്ഥിരനിയമനത്തിന് മുമ്പുള്ള താൽക്കാലിക നിയമന കാലയളവ് എല്ലാ സർവ്വീസ ആനുകൂല്യങ്ങൾക്കും പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീമതി നളിനാക്ഷി, ഒ. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ചെങ്ങന്നൂർ ആർ.ഡി.ഒ. ഓഫീസ്-യുടെ അപേക്ഷ വകുപ്പ് മേധാവിക്ക് നിശ്ചിത തീയതിക്കുമുൻപ് നൽകിയിട്ടും പ്രസ്തുത അപേക്ഷ നിരസിച്ചത് എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) 31-3-2012-ൽ വിരമിക്കുന്ന ശ്രീമതി നളിനാക്ഷിയുടെ താൽക്കാലിക നിയമന കാലാവധി കൂടി പരിഗണിച്ച് സർവ്വീസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly